# സെന്റ് ജോസഫ്സ് എൽ പി സ്കൂൾ

## മുനമ്പം

# സമഗ്ര വിദ്യാലയ വികസന പദ്ധതി



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

# ആമുഖം -സ്കൂൾ ചരിത്രം

1924 -ൽ റവ. ഫാ. ജോസ് ചമ്മിണിയുടെ ശ്രമഫലമായി രണ്ട് ക്ലാസുകൾ മാത്രമായിട്ടായിരുന്നു ഈ സ്കൂളിന്റെ ആരംഭം.1924 മുതൽ 1960 വരെ ശ്രീ. ബാലകൃഷ്ണപിള്ള സാറായിരുന്നു ഹെഡ്മാസ്റ്റർ. 1956-ൽ അന്നത്തെ പള്ളിപ്പുറം വികാരിയായിരുന്ന റവ. ഫാ. അഗസ്റ്റിൻ നെടുവിലത്താണ് ഇതൊരു പൂർണ്ണ എൽ.പി.സ്കൂൾ ആയി ഉയർത്തിയത്

1980 മുതൽ 1987 വരെ ഇത് വരാപ്പുഴ അതിരൂപതയുടെ കീഴിലായിരുന്നു 1987 ഒക്ടോബറിൽ കോട്ടപ്പുറം രൂപത നിലവിൽ വരികയും ഈ വിദ്യാലയം കോട്ടപ്പുറം രൂപതയുടെ നിയന്ത്രണത്തിൽ ആവുകയും ചെയ്തു.ഈ വിദ്യാലയത്തിന്റെ ഇപ്പോഴത്തെ ജനറൽ മാനേജർ റവ. ഫാ. സിബിൻ കല്ലറയ്ക്കലാണ്.

50 സെന്റ് സ്ഥലത്തിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം മുനമ്പം തിരുകുടുംബ ദേവാലയത്തിനോട് ചേർന്നാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ദേവാലയമുറ്റം കുട്ടികളുടെ കളിമുറ്റമായി മാറിയിരിക്കുന്നു 2008 -2009 അധ്യയന വർഷം ഈ വിദ്യാലയത്തിന് സുനാമി ഫണ്ടിൽ നിന്നും ലഭിച്ച തുക കൊണ്ട് ഒരു പുതിയ കെട്ടിടം (2മുറി) പണികഴിപ്പിച്ചിട്ടുണ്ട്. മൊത്തത്തിൽ ഈ രണ്ട് കെട്ടിടങ്ങളിലായി സ്കൂൾ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 1924-ൽ സ്ഥാപിതമായ ഈ വിദ്യാലയം കായലിനോട് ചേർന്ന് കിടക്കുന്നതും പടിഞ്ഞാറ് അറബിക്കടലിൽ നിന്നും ഏകദേശം ഒരു കിലോമീറ്ററിനകത്ത് സ്ഥിതി ചെയ്യുന്നതുമാണ

# വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം- അവസ്ഥ

| വിഭാഗം | | |
|---|---|---|
| • അഡീഷണൽ ക്ലാസ് റൂം | ഉണ്ട് | |
| • ആൺകുട്ടികളുടെ ടോയ്ലറ്റ് | 3 | |
| • പെൺകുട്ടികളുടെ ടോയ്ലറ്റ് | 3 | |
| • സുരക്ഷിതവും ആവശ്യാനുസരണവും ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം | ഉണ്ട് | |
| • പ്രധാന അധ്യാപിക മുറി | ഉണ്ട് | |
| • ചുറ്റുമതിൽ | ഉണ്ട് | |
| • റാമ്പ് | ഉണ്ട് | |
| • ആരോഗ്യ ശുചിത്വാന്തരീക്ഷ ഭക്ഷണ സ്ഥലം | മെച്ചപ്പെടുത്തണം | |
| • അടുക്കള | മെച്ചപ്പെടുത്തണം | |
| • ചിത്രങ്ങൾ -ചുമർ- ആകർഷക ക്ലാസ് മുറികൾ | ഇല്ല | |
| • സ്കൂൾ മുറ്റത്ത്- വിനോദപരമായ കളി യുപകരണങ്ങൾ | ഉണ്ട് | |

# വിദ്യാലയത്തിൽ ഐടി അനുബന്ധസാമഗ്രികൾ- അവസ്ഥ

| വിഭാഗം | | |
|---|---|---|
| • കമ്പ്യൂട്ടർ ഡെസ്ക് ടോപ്പ് | 7 | |
| • ലാപ്ടോപ്പ് റേഡിയോ ടിവി | ഉണ്ട് | |
| • പ്രൊജക്ടർ- എൽസിഡി | ഉണ്ട് | |
| • ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | |
| • വിദ്യാലയത്തിന് സ്വന്തമായ വെബ്സൈറ്റ് ബ്ലോഗ് | ഉണ്ട് | |
| • ഇ -മെയിൽ ഐഡി | ഉണ്ട് | |
| • സ്മാർട്ട് ക്ലാസ്സ് റൂം | ഇല്ല | |
| • ഇന്ററാക്റ്റീവ് വൈറ്റ് ബോർഡ് | ഇല്ല | |

# നിലവിലുള്ള അവസ്ഥ

61 കുട്ടികൾ 2025- 2026 അധ്യായനവർഷത്തിൽ പഠനം നടത്തിവരുന്നു. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ നാല് അധ്യാപികമാരും നഴ്സറി അധ്യാപികമാരും ഇവിടെ സേവനം ചെയ്തു വരുന്നു. 7 കമ്പ്യൂട്ടറുകൾ വിദ്യാർഥികളുടെ പരിശീലനത്തിനായി ഉപയോഗിച്ചു വരുന്നു. 4 ക്ലാസ് മുറിയും ഒരു ഓഫീസ് മുറിയും അടങ്ങുന്ന ഓട് മേഞ്ഞ കെട്ടിടവും 2 ക്ലാസ് മുറികൾ അടങ്ങുന്ന (നഴ്സറി) കോൺക്രീറ്റ് കെട്ടിടവും ആണ് ഇവിടെ ഉള്ളത്. ഹൈടെക് സംവിധാനം ക്രമീകരിക്കുന്നതിനുള്ള ഒരു ക്ലാസ് മുറിയുണ്ട്.സ്കൂൾ കെട്ടിടം ആകർഷകമല്ല. 1924-ൽ പണികഴിപ്പിച്ച ഈ കെട്ടിടത്തിൽ തറ ടൈൽ ഇട്ടു. 2022-ൽ സ്കൂൾ മുറ്റം ടൈൽ ഇട്ടു. 2024-ൽ അറ്റകുറ്റപ്പണികൾ ചെയ്തു ഭംഗിയാക്കി.2025-ൽ കളി ഉപകരണങ്ങൾ സ്ഥാപിച്ചു. നഴ്സറി ക്ലാസുകൾ അടച്ചുറപ്പുള്ളതാണ്. ചുവരിൽ ചിത്രങ്ങൾ കൊണ്ട് ആകർഷകമാക്കിയിട്ടില്ല. ജൈവവൈവിധ്യ പാർക്ക്,പരിപാടികൾ നടത്തുവാൻ സ്റ്റേജ് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

അക്കാദമികമായി 80% കുട്ടികളും വളരെ മികച്ച നിലവാരം പുലർത്തുന്നു. 20% കുട്ടികൾ ഇനിയും മികച്ച നിലവാരത്തിലേക്ക് എത്തേണ്ടതുണ്ട്. കുട്ടികളുടെ കലാകായിക പ്രവൃത്തി പരിചയശേഷി വികസിപ്പിക്കുന്നതിനായി അധ്യാപകർ പ്രത്യേകം പരിശീലനം നൽകുകയും മേളകളിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. കായിക മത്സരത്തിൽ കുട്ടികൾ മികവ് പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ട്. എല്ലാ ദിനാചരണങ്ങളോടനുബന്ധിച്ച് കുട്ടികളുടെ സമഗ്രമായ കഴിവുകൾ വികസിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്നതിന് സ്പോക്കൺ ഇംഗ്ലീഷ്, സ്കിറ്റ്,ആങ്കറിംഗ് എന്നിവ ഓരോ ദിനാചരണങ്ങളോടനുബന്ധിച്ച് നടത്തി വരുന്നു.

വിവിധ മത്സരങ്ങളിൽ അക്കാദമിക കാലാകായിക പ്രവൃത്തി പരിചയ ശാസ്ത്രമേളകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ലൈബ്രറി പ്രവർത്തനങ്ങൾ ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്. കലാകായിക പരിശീലനത്തിന് അധ്യാപികമാരുടെ സേവനം ലഭ്യമാകുന്നില്ല. കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഇനിയും നടപ്പിലാക്കേണ്ടതുണ്ട്.

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2007 – 08 | 203 |
| 2008 – 09 | 193 |
| 2009 – 10 | 171 |
| 2010 – 11 | 154 |
| 2011 – 12 | 109 |
| 2012 – 13 | 88 |
| 2013 – 14 | 74 |
| 2014 – 15 | 56 |
| 2015 – 16 | 60 |
| 2016 – 17 | 49 |
| 2017 – 18 | 41 |
| 2018 – 19 | 41 |
| 2019 – 20 | 33 |
| 2020 – 21 | 40 |
| 2021 – 22 | 49 |
| 2022 – 23 | 61 |
| 2023 – 24 | 62 |
| 2024 – 25 | 62 |
| 2025 - 26 | 61 |

| നടപ്പുവർഷം | മുൻവർഷം |
| --- | --- |
| • ഇംഗ്ലീഷ് +മലയാളം അസംബ്ലി( പ്രത്യേകതകൾ) നിറഞ്ഞത്<br>• മാസ ക്ലാസ് പിടിഎ<br>• മലയാളത്തിളക്കം<br>• ശ്രദ്ധ<br>• സ്പോക്കൺ ഇംഗ്ലീഷ്<br>• helloഇംഗ്ലീഷ്<br>• പാഠപുസ്തകവുമായി ബന്ധപ്പെട്ട ഐ.സി.ടി സാധ്യതകൾ ക്ലാസിൽ ഉപയോഗപ്പെടുത്തൽ<br>• ഇംഗ്ലീഷ് ടെസ്റ്റ്<br>• സ്കൂൾ വികസന കമ്മിറ്റി യോഗം | • ഇംഗ്ലീഷ്+മലയാളം അസംബ്ലി<br>• മാസ ക്ലാസ് പിടിഎ<br>• മലയാളത്തിളക്കം<br>• സ്പോക്കൺ ഇംഗ്ലീഷ്<br>• എന്റെ നാടിനെ അറിയാൻ<br>• ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ<br>• ദിനാചരണങ്ങളുടെ മികവിനായി സ്കൂളിൽ സൗണ്ട് സിസ്റ്റം വാങ്ങി |

**മികവിനായി ഏറ്റെടുക്കുന്ന അക്കാദമികവും ഭൗതികവും സാമൂഹികവുമായ പദ്ധതികൾ**

**മേഖല :അക്കാദമികം** **ഉപമേഖല :ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക<br>ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ<br>വ്യാകരണശുദ്ധിയോടെ എഴുതാനും പറയാനുള്ള നിലവാരത്തിലേക്ക് ഉയർത്തുക | 1.ഇംഗ്ലീഷിൽ അസംബ്ലി:- ഇംഗ്ലീഷിൽ അധ്യാപിക സന്ദേശം നൽകൽ, ഓരോ ക്ലാസിനും ഇടവിട്ട് ചുമതല<br>2. ഇംഗ്ലീഷ് തീയേറ്റർ- പാഠപുസ്തകത്തിലെ പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിൽ അവതരിപ്പിക്കൽ (skit, drama, conversation)<br>3. ഒന്നിടവിട്ട ദിവസങ്ങളിൽ ഉച്ച ഇടവേള സമയത്ത് വ്യാകരണ പഠനം രസകരമായി<br>4. മധ്യവേനലവധിക്ക് ഇംഗ്ലീഷ് ഫസ്റ്റ് ഭാഷ നൈപുണികൾ വളർത്തുന്നതിന് വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നു | ആഴ്ചയിൽ 3 ദിവസം<br>പ്രതിമാസ പരിപാടി<br>ആഴ്ചയിൽ 3 ദിവസം<br>Daily | ക്ലാസ് ടീച്ചർ<br>HM/ഇംഗ്ലീഷ് അധ്യാപകൻ<br>ക്ലാസ് അധ്യാപകർ<br>PTA പ്രസിഡണ്ട് /HM | |

## ഉപമേഖല :മാതൃഭാഷ ശേഷി വികസനം

## മേഖല :അക്കാദമികം

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത<br>വിശകല |
|---|---|---|---|---|
| ഭാഷ ഒരു കുട്ടി പോലും ശേഷിക്കാത്ത രീതിയിൽ മുഴുവൻ കുട്ടികളെയും എഴുതാനും വായിക്കാനുള്ള കഴിവ് നേടിയെടുക്കുക<br>ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക<br>ഭാഷാ ശേഷി വികസിപ്പിക്കുന്നതിന് കുട്ടികളുടെ രചനാ ശേഷി വർദ്ധിപ്പിക്കുന്നതിനും ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ അവതരണമികവ് കൈവരിക്കൽ<br>എല്ലാ കുട്ടികളും വായനാശേഷി വളർത്തുക | 1.മലയാളത്തിളക്കം: എല്ലാ കുട്ടികളും എഴുതാനും വായിക്കാനും ശേഷി നേടുക<br>2. ലൈബ്രറി ശക്തിപ്പെടുത്തൽ- ക്ലാസ് ലൈബ്രറി നവീകരണം. ജന്മദിനത്തിന് ഒരു പുസ്തകം. ജന്മദിന കലണ്ടർ തയ്യാറാക്കുന്നു.<br>3. സർഗ്ഗസല്ലാപം: പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ ഉപയോഗപ്പെടുത്തി അവരുടെ എഴുത്ത് -വായന അനുഭവങ്ങൾ പങ്കുവയ്ക്കൽ.<br>4. കുട്ടികളുടെ പത്രം: സ്കൂൾ വിശേഷങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള വാർത്തകളും കുട്ടികളുടെ രചനകളും ഉൾപ്പെടുത്തിയിട്ടുള്ള പത്രം തയ്യാറാക്കുന്നു. | കുട്ടികൾ ശേഷി നേടുന്നതുവരെ<br>എല്ലാ ജന്മദിനങ്ങളും<br>വർഷത്തിൽ രണ്ട് പ്രാവശ്യം<br>രണ്ടാഴ്ചയിലൊരിക്കൽ | ക്ലാസ് അധ്യാപകർ,<br>ക്ലാസ് അധ്യാപകർ ലീഡർ<br>H. M/P.T.A<br>ക്ലാസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | 5. നാടക കളരി: കഥകൾ, പാഠഭാഗത്തിലെ കഥകൾ നാടക രൂപത്തിലാക്കുന്നു.<br>6. കുട്ടി റേഡിയോ: സ്പീക്കറുകളുടെ സഹായത്തോടെ ഇടവേള സമയത്ത് വിവിധ പരിപാടികളുടെ അവതരണം.<br>7. ഒന്നാം ക്ലാസ് ഒന്നാം തരം: ക്ലാസിലെ എല്ലാ കുട്ടികൾക്കും വായിക്കാനുള്ള കഴിവ് നൽകി RCC തുടങ്ങിയവരുടെ മുൻപിൽ തെളിയിക്കുന്നു. | പ്രതിമാസ പരിപാടി<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>ഒരു വർഷം | ക്ലാസ് അധ്യാപകർ<br><br>ക്ലാസ് അധ്യാപകർ<br><br>ക്ലാസ് അധ്യാപകർ | |

# ഉപമേഖല: ഗണിത സാമൂഹ്യശാസ്ത്ര

## മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തൂക്കം ദൂരം ഉള്ള അളവ് എന്നീ ശേഷികൾ ഗ്രഹിക്കാൻ രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | 1.മെട്രിക് മേള: പ്രവർത്തനങ്ങളിലേർപ്പെട്ട് അറിവുല്പാദനവും പ്രദർശനവും | വർഷത്തിൽ 1പ്രാവശ്യം | ക്ലാസ് അധ്യാപകർ | |
| | 2.ഒറിഗാമി ശിൽപ്പശാല - ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷി കൈവരിക്കുന്നതിനുള്ള ശേഷി പരിശീലനം നൽകൽ, രൂപങ്ങൾ നിർമ്മിക്കുന്നു. സവിശേഷത പട്ടികപ്പെടുത്തുന്നു.പ്രദർശനം | വർഷത്തിൽ 1പ്രാവശ്യം | ഗണിത ക്ലബ് | |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക. പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യ വസ്തുക്കൾ ഗ്രഹിക്കുന്നതിന് സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | 3. ലക്കി സ്റ്റാർ: ജനറൽനോളജ് മെച്ചപ്പെടുത്തുന്നതിന് ക്വിസ് മത്സരം എല്ലാ ദിവസവും ചോദ്യങ്ങൾ നൽകുന്നു. ഉത്തരം കണ്ടുപിടിച്ച് എഴുതിവരുന്നു. നറുക്കെടുക്കുന്നു ഉത്തരം പറഞ്ഞാൽ സമ്മാനം- ഇത് ഉൾക്കൊള്ളിച്ചുകൊണ്ട് വർഷാവസാനത്തിൽ ക്വിസ് മത്സരം | എല്ലാ ദിവസവും | SRG | |
| | 4.മേളകൾ: സ്ക്കൂൾ ശാസ്ത്രമേളയിലെപങ്കാളിത്തം. ഉപജില്ലാതലത്തിൽ | | സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| | പരമാവധി പങ്കാളിത്തം.<br><br>5.പഠനയാത്രകൾ: സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ നാടിനെ അറിയാൻ -വൈപ്പിൻ കരയിലൂടെ ഒരു യാത്ര.<br><br>6.ബുള്ളറ്റിൻ ബോർഡ്: എല്ലാ കുട്ടികൾക്കും കാണത്തക്ക രീതിയിൽബുള്ളറ്റിൻ ബോർഡിൽ എല്ലാദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കൽ | വർഷത്തിൽ 1 പ്രാവശ്യം<br><br>ഓരോ ടേമിലും<br><br>എല്ലാ പ്രവർത്തി ദിവസങ്ങളിലും | സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br><br>സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

## ഉപമേഖല: സമഗ്ര വികസനം,കലാ വിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം

### മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധശേഷികളുടെ വികസനം<br><br>കായിക പരിശീലനം കാര്യക്ഷമമാക്കൽ<br><br>ഏകാഗ്രതയും ബുദ്ധിവികാസവും വർദ്ധിപ്പിക്കുക<br><br>കളുടെ കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ<br><br>പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുക | 1. ദിനാചരണങ്ങൾ: ജൂൺ മുതൽ മാർച്ച് വരെ നടത്തേണ്ട പ്രവർത്തനങ്ങൾ എസ്. ആർ.ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു<br>2. കായിക പരിശീലനം: രാവിലെയും വൈകുന്നേരവും കായിക പരിശീലനം നൽകൽ<br>3. യോഗ ക്ലാസ്: ആഴ്ചയിൽ രണ്ട് ദിവസം<br>4. ക്ലാസ് പി ടി എ ഉണർവ്: അജണ്ട, പ്രതിമാസം കൂടുതൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, ചർച്ച<br>5. ജൈവവൈവിധ്യ പാർക്ക്- പാർക്ക് നിർമ്മിക്കൽ | ആവശ്യാനുസരണം<br><br>ആഴ്ചയിൽ 2 ദിവസം<br><br>ആഴ്ചയിൽ 2 ദിവസം<br><br>മാസത്തിലൊരിക്കൽ<br><br>1 പ്രാവശ്യം | SRG<br><br>PTA/SRG<br><br>PTA/SRG<br><br>ക്ലാസ് ടീച്ചർ<br><br>SRG | |

## ഉപമേഖല: ശാസ്ത്ര പ്രവർത്തി പരിചയം

### മേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പരിശീലനങ്ങളോടുള്ള താൽപര്യം | 1.ലഘു പരീക്ഷണങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം, നാടകാവതരണം<br><br>ക്ലബ്ബ് പ്രവർത്തനങ്ങളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ, ഐസിടി സാധ്യത ഉപയോഗിക്കൽ, നാടകാവതരണം<br><br>2. പ്രവർത്തിപരിചയ ശില്പശാല -സ്കൂളിലെ പ്രവർത്തിപരിചയ പരിശീലന വിദഗ്ധന്മാരായ അധ്യാപികയെ ഉപയോഗപ്പെടുത്തി മാസത്തിലൊരിക്കൽ പരിശീലനം നൽകുന്നു. ചുറ്റുപാട് നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ഏർപ്പെടുന്നു. ( കടലാസു പൂക്കൾ നിർമ്മാണം, അലങ്കാരം,ബുക്ക് ബൈൻഡിങ്, ഫയൽ നിർമ്മാണം എംബ്രോയിഡറി ഫാബ്രിക് പെയിന്റിംഗ്, മെറ്റൽ എൻ ഗാർവിങ്) | 1 ടേമിൽനിന്ന്<br><br>മാസത്തിലൊരിക്കൽ | ക്ലബ്ബ് കൺവീനർമാർ<br><br>ക്ലബ്ബ് കൺവീനർമാർ, പ്രാദേശിക വിദഗ്ധർ | 2000/-(PTA) |

## മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാദി ഒരുക്കൽ<br><br>പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ<br><br>ശുചിത്വം + ആരോഗ്യം= പഠനം<br><br>നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പഠനം എളുപ്പവും രസകരവും ആക്കുക | 1. കിഡ്സ് പാർക്ക് ഒരുക്കൽ - സ്ലൈഡർ, സീസോ തുടങ്ങിയ കളി ഉപകരണങ്ങൾ നിർമ്മിക്കൽ<br>2. നഴ്സറി ക്ലാസ് മുറിയിൽ ചുവർ ചിത്രങ്ങൾ വരച്ച് ക്ലാസ് മുറികൾ ആകർഷകമാക്കൽ<br>3. ഉച്ച ഭക്ഷണം കഴിക്കുന്ന സ്ഥലം ശുചിത്വപൂർണ്ണമാക്കുക. കാക്ക ശല്യം ഒഴിവാക്കുന്നതിന് നെറ്റ് അടിച്ച് സുരക്ഷിതമാക്കുക.<br>4. അടുക്കളയിൽ സൗകര്യങ്ങൾ ഒരുക്കുക - സിങ്ക്, ഷെൽഫുകൾ ഒരുക്കുക, വർക്കിംഗ് സ്ലാബുകൾ ഒരുക്കുക<br>5. ഹൈടെക് ക്ലാസ് റൂം- കമ്പ്യൂട്ടറുകൾ പ്രൊജക്ടർ എന്നിവ സൂക്ഷിക്കുന്നതിന് ഷെൽഫ് ഒരുക്കുക | 1 വർഷം<br><br>3 മാസം<br><br>1 ആഴ്ച<br><br>1 മാസം<br><br>6 ആഴ്ച | PTA<br><br>PTA<br><br>PTA<br><br>PTA<br><br>SRG | 50000/- |

മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കൽ<br><br>നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | 1. പൂർവ്വ വിദ്യാർത്ഥി സംഗമം: വിവിധ ബാച്ചുകൾ ആയി പൂർവ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ- വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | SRG<br>OSA | 5000/- |
| | 2. പൂർവ വിദ്യാർത്ഥി സംഗമം -പഴയ അധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിലർ | |
| | 3. അങ്കണവാടി കലോത്സവം - അങ്കണവാടികളെ സംഘടിപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്ന് നൽകൽ | വർഷത്തിൽ 1 പ്രാവശ്യം | PTA | 5000/- |
| | 4. കോർണർ പിടിഎ- വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പിടിഎ യോഗങ്ങൾ ചേരൽ | വർഷത്തിൽ 1പ്രാവശ്യം | SSG, SRG | 2000/- |